"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീമതി. എസ്.ചിത്രാദേവി ഫയൽ ചെയ്ത WP(C) No.38660/2018-മേലുള്ള ബഹു.ഹൈക്കോടതിയുടെ 27.11.2024-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.827/2025/LSGD തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1. Appeal (Civil) 3595-3612 of 1999 -State of Karnataka Vs Umadevi (2006) കേസിലെ 10.04.2006-ലെ വിധിന്യായം.
2. സ.ഉ.(സാധാ) നം.1523/09/തസ്വഭവ തീയതി 22.06.2009
3. സ.ഉ.(കൈ) നം.304/2011/തസ്വഭവ തീയതി 16.12.2011
4. സ.ഉ.(കൈ) നം.256/2015/തസ്വഭവ തീയതി 04.08.2015
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 13.01.2020 തീയതിയിലെ എ1/1009/2019/ട്രിഡ നമ്പർ കത്ത്.
6. സ.ഉ(പി) നം.29/2021/ധന തീയതി 11.02.2021
7. 15.07.2021-ലെ ഐ.എ4/199/2018-തസ്വഭവ നമ്പർ സർക്കാർ കത്ത്.
8. 17.11.2022-ലെ ഐ.എ4/66/2022-തസ്വഭവ നമ്പർ സർക്കാർ കത്ത്.
9. സ.ഉ.(സാധാ) നം.351/2024/തസ്വഭവ തീയതി 12.02.2024
10. ശ്രീമതി ചിത്രാദേവി.എസ് സമർപ്പിച്ച 09.09.2024-ലെ അപേക്ഷ (Exhibit P17)
11. WP(C) No.38660/2018-മേലുള്ള ബഹു.ഹൈക്കോടതിയുടെ 27.11.2024-ലെ വിധിന്യായം
12. ശ്രീമതി ചിത്രാദേവി.എസ് സമർപ്പിച്ച 28.12.2024-ലെ അപേക്ഷ

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയിൽ (ട്രിഡ) 10 വർഷത്തിലധികമായി ഇൻഫർമേഷൻ അസിസ്റ്റന്റ് കം ടെലിഫോൺ ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. ചിത്രാദേവി.എസ്, ടിയാളെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ ഫയൽ ചെയ്ത WP(C) 38660/2018 കേസിലെ പരാമർശം (11) പ്രകാരമുള്ള വിധിന്യായം പരാമർശം

(12) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത വിധിന്യായ പ്രകാരം, വിധിന്യായം കൈപ്പറ്റി 3 മാസത്തിനുള്ളിൽ ഹർജിക്കാരിയായ ശ്രീമതി ചിത്രാദേവി.എസ്-നേയും 2nd Respondent ആയ ട്രിഡ സെക്രട്ടറിയേയും നേരിൽക്കേൾക്കുന്നതിനും, പരാമർശം (10) പ്രകാരം ഹർജിക്കാരി സമർപ്പിച്ച 09.09.2024-ലെ അപേക്ഷ (Exhibit P17), പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നു.

2) പരാമർശം (11) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷിയ്ക്ക് വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർസെക്രട്ടറി 29.01.2025-ന് ഹർജിക്കാരിയെയും രണ്ടാം എതിർകക്ഷിയേയും നേരിൽക്കേട്ടു.

3) പരാമർശം (10) പ്രകാരം ശ്രീമതി ചിത്രാദേവി.എസ് സമർപ്പിച്ച അപേക്ഷയിൽ 03.03.2010 മുതൽ 10 വർഷത്തിലധികമായി ട്രിഡയിലെ Information Assistant cum Telephone Operator (now renamed as PABX Operator/telephone Attender) തസ്തികയിൽ തുടർച്ചയായി ജോലി ചെയ്തു വരുന്ന ടിയാളെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും; ട്രിഡയിലെ സെക്രട്ടേറിയറ്റ് പാറ്റേണിലുള്ള തസ്തികകൾ മുനിസിപ്പൽ കോമൺ സർവീസ് പ്രകാരം പുനഃക്രമീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ബിരുദം അടിസ്ഥാന യോഗ്യതയുണ്ടായിരുന്ന Information Assistant cum Telephone Operator എന്ന തസ്തിക മുനിസിപ്പൽ കോമൺ സർവീസിലെ SSLC (with 6-months Work Experience) മാത്രമുള്ള PABX Operator/telephone Attender എന്ന തസ്തികയാക്കി മാറ്റി ട്രിഡ സെക്രട്ടറി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെന്നും അതിനാൽ Information Assistant cum Telephone Operator എന്ന തസ്തികയ്ക്ക് നിയമപരമായി ലഭിക്കേണ്ട വേതനം ടിയാൾക്ക് ലഭിക്കുന്നില്ലെന്നും ആയതിൽ നടപടി സ്വീകരിക്കണമെന്നും ശ്രീമതി ചിത്രാദേവി.എസ് അപേക്ഷിച്ചിരിക്കുന്നു.

4) തിരുവനന്തപുരം വികസന അതോറിറ്റിയിലെ Information Assistant cum Telephone Operator തസ്തികയിൽ 15/12/1999-ൽ പി.എസ്.സി. മുഖാന്തിരം നിയമിക്കപ്പെട്ട ശ്രീമതി. കൃഷ്ണകുമാരി.എൽ പരാമർശം (2) പ്രകാരം അസിസ്റ്റന്റ് ഗ്രേഡ്-II ആയി തസ്തിക മാറ്റം വഴി 05.07.2009-ൽ ജോലിയിൽ പ്രവേശിച്ചപ്പോൾ ഉണ്ടായ ഒഴിവിലാണ് 03.03.2010-ൽ ശ്രീമതി ചിത്രാദേവി. എസ്-നെ ദിവസവേതനാടിസ്ഥാനത്തിൽ ട്രിഡയിൽ നിയമിച്ചത്. ശ്രീമതി. ചിത്രാദേവി അറിയിച്ചതു പോലെ ടിയാൾ ട്രിഡയിൽ തുടർച്ചയായി ജോലി ചെയ്തു എന്നറിയിച്ചിട്ടുള്ളത് അടിസ്ഥാനരഹിതമാണെന്നും, സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ ദിവസവേതന കാലാവധി കഴിഞ്ഞാൽ ബ്രേക്ക് നൽകി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുകയാണ് ചെയ്തതെന്നും ട്രിഡ സെക്രട്ടറി അറിയിച്ചു.

01/07/2009 ന് ശേഷമുള്ള ട്രിഡയിലെ എല്ലാ നിയമനങ്ങളും മുനിസിപ്പൽകോമൺ സർവ്വീസിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചായിരിക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം 06/06/2015 തീയതിയിലെ ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 15-ാം നമ്പർ തീരുമാനമനുസരിച്ച് ട്രിഡയിൽ ഇനി മുതൽ പി.എസ്.സി മുഖാന്തിരം റിക്രൂട്ട് ചെയ്യുന്നവർക്ക് മുനിസിപ്പൽ കോമൺ സർവ്വീസ് റൂളും നിലവിൽ സർവ്വീസിലുള്ള മിനിസ്റ്റീരിയൽ

ഉദ്യോഗസ്ഥർക്ക് സെക്രട്ടറിയേറ്റ് സ്റ്റാഫ് പാറ്റേണും തുടരുന്നതിന് തീരുമാനിച്ചുവെന്നും, 23/07/2015 തീയതിയിലെ ജി.ഒ(പി)നം.242/2015/തസ്വഭവ നോട്ടിഫിക്കേഷനിലെ Rule 15(c) ൽ ട്രിഡയിൽ സെക്രട്ടറിയേറ്റ് പാറ്റേൺ അനുസരിച്ച് നിയമിതരായ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് കേരള സെക്രട്ടറിയേറ്റ് സർവ്വീസ് റൂൾസും, കേരള സബ് ഓർഡിനേറ്റ് സർവ്വീസ് റൂൾസും ബാധകമായിരിക്കുമെന്നും മറ്റുള്ള മിനിസ്റ്റീരിയൽ വിഭാഗം ജീവക്കാർക്ക് കേരള മുനിസിപ്പൽ കോമൺ സർവ്വീസ്(മിനിസ്റ്റീരിയൽ ആന്റ് റവന്യൂ ബ്രാഞ്ച്) Qualification and method of appointment Rule 2001 പ്രകാരമായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നും പ്രസ്തുത ഉത്തരവുകൾ പ്രകാരം 07/09/2018-ലെ ട്രിഡ കാര്യനിർവ്വാഹക സമിതി അംഗീകരിച്ച ട്രിഡയുടെ സ്റ്റാഫ് പാറ്റേൺ 17/09/2018-ന് സർക്കാർ അംഗീകാരത്തിനായി നല്കിയത് 24/09/2018-ലെ ജനറൽ കൗൺസിൽ അജണ്ട തീരുമാനം നം.4 പ്രകാരം സാധൂകരിച്ചുവെന്നും ട്രിഡ സെക്രട്ടറി ബോധിപ്പിച്ചു. മേൽ പരാമർശിത സർക്കാർ ഉത്തരവുകളുടേയും കമ്മിറ്റി തീരുമാനങ്ങളുടേയും അടിസ്ഥാനത്തിലാണ് Information Assistant cum Telephone Operator എന്ന തസ്തിക PABX Operator/telephone Attender എന്ന തസ്തികയാക്കി മാറ്റിയതെന്ന് ഹിയറിംഗ് വേളയിൽ ട്രിഡ സെക്രട്ടറി അറിയിച്ചു.

5) ട്രിഡയിൽ ദിവസവേതനാടിസ്ഥാനത്തിൽ പത്തു വർഷത്തിലധികമായി ജോലി ചെയ്തു വരുന്ന ശ്രീമതി ചിത്രാദേവി.എസ് ഉൾപ്പെടെയുള്ള 3 ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ ട്രിഡ സെക്രട്ടറി സമർപ്പിച്ച പരാമർശം (5) പ്രകാരമുള്ള അപേക്ഷ ചുവടെ പരാമർശിക്കുന്ന കാരണങ്ങളാൽ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന് പരാമർശം (7), (8) എന്നിവ പ്രകാരം ട്രിഡ സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിരുന്നു.

- *ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുന്നത് ബഹു.സുപ്രീം കോടതിയുടെ പരാമർശം (1)-ലെ വിധിന്യായത്തിന് വിരുദ്ധമാണ്.*
- *സാങ്ഷൻ ചെയ്ത തസ്തികകളിൽ ക്രമവിരുദ്ധമായാണെങ്കിലും നിയമവിരുദ്ധമല്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുകയും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ പിൻബലത്തോടെയല്ലാതെ ഉമാദേവി കേസിലെ വിധിന്യായത്തിന്റെ തീയതിയായ 10/06/2006-ന് മുൻപ് ദിവസവേതനാടിസ്ഥാനത്തിൽ 10 വർഷം സേവനം പൂർത്തിയാക്കിയവരെ സ്ഥിരപ്പെടുത്തുന്നതിന് ഒരു 'one time measure' എന്ന നിലയിൽ നടപടികൾ ആരംഭിക്കാനാണ് ബഹു.സുപ്രീം കോടതി നിർദ്ദേശം നൽകിയിട്ടുള്ളത്. ഇതിനു വിരുദ്ധമായി തുടർന്നും ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നത് നിരോധിച്ചിട്ടുള്ളതാണ്.*
- *ബഹു. സുപ്രീംകോടതി Upendra Singh Vs State of Bihar & Ors (AIR 2018 SC1315) എന്ന കേസിൽ 23.12.2018-ൽ പുറപ്പെടുവിച്ച വിധിയിൽ ടി Uma Devi കേസിലെ വിധിയെ ശരിവയ്ക്കുകയും ഇപ്രകാരം വിധി പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്.*

> "Law pertaining to regularisation has now been authoritatively determined by a Constitution Bench judgment of this court in secretary, State of Karnataka & Ors Vs Uma Devi & Ors 2006(4) SCC(I). On the application of law laid down in that case, it is clear that the question of regularisation of daily wager appointed contrary to law does not arise. "

- 26.02.2016 ലെ സ.ഉ(പി)നം.28/2016/ഫിൻ ഉത്തരവിൽ ദിവസവേതനാടിസ്ഥാനത്തിൽ

തുടർന്നു വരുന്ന ജീവനക്കാരെ സർക്കാർ സർവ്വീസിലേയ്ക്ക് സ്ഥിരപ്പെടുത്തുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

"The appointment of any person on daily wages or on contract does not entitle such person for being regularized in Government Service".

6) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരുടെ വേതനം വർദ്ധിപ്പിച്ചു കൊണ്ടുള്ള പരാമർശം (7) ഉത്തരവ് പ്രകാരമുള്ള ദിവസവേതനമായ (For Telephone Operator) 675/- രൂപ (പ്രതിദിനം) ശ്രീമതി ചിത്രാദേവിയ്ക്ക് അനുവദിച്ചു നല്കുന്നതിന് പരാമർശം (9) പ്രകാരം ഉത്തരവായിരുന്നതും നിലവിൽ നൽകി വരുന്നതായി ട്രിഡ സെക്രട്ടറി അറിയിച്ചിട്ടുള്ളതുമാണ്.

7) ബഹു.ഹൈക്കോടതിയുടെ പരാമർശം വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ ഹിയറിംഗിൽ ലഭ്യമായ വിവരങ്ങൾ, ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. Appeal (Civil) 3595-3612 of 1999 -State of Karnataka Vs Umadevi (2006) കേസിലെ 10.04.2006-ലെ വിധിന്യായത്തിന്റെയും Upendra Singh V State of Bihar & Ors (AIR 2018 SC1315) എന്ന കേസിൽ 23.12.2018-ലെ വിധിന്യായത്തിന്റെയും 26.02.2016 ലെ സ.ഉ(പി)നം.28/2016/ഫിൻ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ട്രിഡയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. ചിത്രാദേവി.എസ്-നെ (പി.എ.ബി.എക്സ് ഓപ്പറേറ്റർ/ടെലിഫോൺ അറ്റൻഡർ) സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചുകൊണ്ട് Ext. P17 അപേക്ഷ തീർപ്പാക്കുന്നു. അപ്രകാരം ബഹു.ഹൈക്കോടതിയുടെ WP(C) 38660/2018 നമ്പർ കേസിന്മേലുള്ള 27.11.2024-ലെ വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീമതി. ചിത്രാദേവി.എസ്, ശാന്തി, റ്റി.സി 13/1452(1), ബർമ്മ റോഡ്, കുമാരപുരം, തിരുവനന്തപുരം-695011
സെക്രട്ടറി, ട്രിഡ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, എറണാകുളം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(ഫയൽ നം.ഐ.എ.4/285/2018-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 27-03-2025 15:37:52
സെക്ഷൻ ഓഫീസർ